ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

## PARISH BULLETIN

ഉയിർപ്പുകാലം

Vol.11 Issue 2



# ചർച്ചുവ്യൂ കോളേജ്

## പൊൻകുന്നം


വിജയകരമായ
46-ാം
വർഷത്തിലേക്ക്



**B.A.**
**Bcom**
**M.com**

ക്ലാസ്സുകളിൽ
എല്ലാവർഷവും
100 % വിജയം

**+2 ക്ലാസ്സുകളിൽ**
തിളക്കമാർന്ന വിജയം




Principal
Mathew V.J.
9447870435
9656394730

ഇംഗ്ലീഷ് പഠിക്കാൻ ഒരു
എളുപ്പ വഴി

**3rd Revised Edition**

*Nisa & Mathew's*
**AN EASY WAY TO ENGLISH
& SPOKEN ENGLISH
WITH
GENERAL KNOWLEDGE**

വിദ്യാർത്ഥികൾ, അദ്ധ്യാപകർ,
ഉദ്യോഗസ്ഥർ, ഉദ്യോഗാർത്ഥികൾ,
വിദേശത്തിന് പോകുന്നവർ,
നഴ്സുമാർ, ഇംഗ്ലീഷ് പഠിക്കേണ്ട
ഏവർക്കും ഒരു പഠനസഹായി

## ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 2 |
| ഇടയമൊഴി | – | 3 |
| വിളക്ക് | – | 5 |
| വിശുദ്ധവാര തിരുക്കർമ്മങ്ങൾ | – | 6 |
| ഇടവക വിശേഷങ്ങളിലൂടെ | – | 8 |
| നിയമബോധനം | – | 15 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | – | ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | – | ഫാ. ജോസഫ് ചക്കുംമൂട്ടിൽ | 8281738270 |
| സബ് എഡിറ്റേഴ്സ് | – | റോബിൻ കട്ടിക്കാരൻ | 9446602386 |
| | – | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | – | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |



*Published by* : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

*Layout & Printing:* General Offset Ponkunnam
Ph: 222564, 9495496974,
8848953287

2019 ഏപ്രിൽ ലക്കം

## മുഖമൊഴി

തീർത്ഥാടനം ഏവർക്കും ഏറെ ഇഷ്ടമുള്ളതാണ്. അതിനുള്ള ഒരുക്കവും യാത്രയും മനസ്സിനും ശരീരത്തിനും ഒരു പുതു ചൈതന്യം പ്രദാനം ചെയ്യും. ഒരുങ്ങാത്ത തീർത്ഥാടനം നിഷ്ഫലമായിത്തീരാം.

നല്ല ചിന്തകളും വാക്കുകളും പ്രവൃത്തികളും തമ്മിൽ എവിടെയൊക്കെ ഭിന്നതയില്ലാതാകുന്നുവോ അവിടെയൊക്കെ ദൈവം തന്റെ സാന്നിദ്ധ്യമറിയിക്കും. വിശുദ്ധ നാടുകൾ രൂപം കൊണ്ടത് ആ നാട്ടിൽ ജീവിച്ചവരുടെ വിശുദ്ധി കൊണ്ടാവാം. ആ നാടുകളിലേയ്ക്ക് യാത്ര തിരിക്കും മുമ്പ് നാം വർഷങ്ങളായി ജീവിക്കുന്ന സ്വന്തം നാട്ടിൽ വിശുദ്ധിയുടെ ഒരു ചെറു കണികയെങ്കിലും പകരുന്നുണ്ടെന്ന് ഉറപ്പു വരുത്തുക. ഓരോ തീർത്ഥയാത്രയ്ക്കുശേഷവും തിരികെ വരുമ്പോൾ ഉള്ളിൽ സംവഹിച്ച ചൈതന്യവും നൈർമ്മല്യവും വിശുദ്ധിയും പുണ്യവും മനോഭാവങ്ങളും നാം വ്യാപരിക്കുന്ന ഇടങ്ങളിൽ പരത്താനായാൽ നമ്മുടെ നാടും വിശുദ്ധമാകും.

ആത്മീയ യാത്രയിലേയ്ക്കുള്ള ഒരു ചെറിയ കാൽവയ്പു മാത്രമാണ് തീർത്ഥ യാത്രകൾ. ഈശോയോടൊത്തുള്ള യാത്രയാണ് ആത്മീയ തീർത്ഥാടനം. അവന്റെ കൈപിടിച്ച് അവൻ കൊണ്ടുപോകുന്ന വഴികളിലൂടെയെല്ലാം സന്തോഷത്തോടെ തീർത്ഥാടനം നടത്തുമെന്ന് നമുക്ക് ഇന്ന് പ്രതിജ്ഞ ചെയ്യാം, അല്ല ഇപ്പോൾത്തന്നെ പ്രതിജ്ഞ ചെയ്യാം.



## ഇടയമൊഴി



ഈശോയിൽ പ്രിയ സ്നേഹിതരേ,

തിരുവുത്ഥാനത്തിന്റെ സന്തോഷവും സമാധാനവും നമ്മുടെ ഹൃദയങ്ങളിൽ നിറയുന്ന അവസരമാണല്ലോ ഉയിർപ്പുകാലം. മിശിഹാ നമ്മുടെ പാപങ്ങളെപ്രതി മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാം ദിവസം ഉത്ഥിതനാകുകയും ചെയ്തു. (1 കൊറി. 15/3). പുതുജീവന്റെ ഉറവിടമാണ് കർത്താവിന്റെ കബറിടം. അവിടെനിന്ന് പരിശുദ്ധാത്മാവും പാപമോചനവും കൃപാവരങ്ങളുമാണ് നിർഗ്ഗളിക്കുന്നത്.

ഈശോയുടെ ഉയിർപ്പിന്റെ ആണ്ടിലൊരിക്കലുള്ള ആചരണമാണല്ലോ ഈസ്റ്റർ. മിശിഹായുടെ ഉത്ഥാനത്തോടെയാണ് ഞായറാഴ്ചയ്ക്ക് പ്രാധാന്യം കൈവന്നത്. ദൈവം സൃഷ്ടി കർമ്മത്തിൽ നിന്നു വിരമിച്ച ദിവസം - ആഴ്ചയിലെ അവസാന ദിവസം- ശനിയാഴ്ചയായിരുന്നു യഹൂദരുടെ സാബത്ത്. തിരുവുത്ഥാനത്തെ തുടർന്ന് ആഴ്ചയിലെ ആദ്യ ദിവസം - ഞായറാഴ്ച ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം കർത്താവിന്റെ ദിവസമായി മാറി. അന്നാണല്ലോ മരണത്തെ പരാജയപ്പെടുത്തി മിശിഹാ ഉത്ഥിതനായതും ലോകത്തെ പുതുജീവൻ അണിയിച്ചതും.

ആഴ്ചയിൽ ഒരിക്കലുള്ള ഈസ്റ്ററാണ് ഞായറാഴ്ച എന്നു പറയാം. ഉയിർപ്പു ഞായറാഴ്ച അതിരാവിലെ കർത്താവിന്റെ

കല്ലറയിങ്കലേയ്ക്ക് ഓടിയെത്തിയ അവിടുത്തെ പ്രിയപ്പെട്ടവരെ പ്പോലെ ഓരോ ഞായറാഴ്ചയും ക്രൈസ്തവർ തങ്ങളുടെ ദൈവാ ലയങ്ങളിലേയ്ക്ക് എത്തും. നമ്മുടെ കർത്താവിന്റെ തിരുക്കല്ലറ യുടെ സാദൃശ്യവും അവിടുത്തെ സിംഹാസനവുമായ ബലിപീഠ ത്തിനു മുമ്പിൽ അവർ ആദരവോടെ നില്ക്കും. പെസഹാരഹസ്യ ങ്ങളുടെ ഓർമ്മയാചരിച്ചുകൊണ്ട് ഏകജാതന്റെ ഉയിർപ്പിനെ വാഴ്ത്തുകയും അവന്റെ വിജയത്തെ പ്രകീർത്തിക്കുകയും അവി ടുത്തെ മഹത്വത്തെ ഏറ്റുപറയുകയും ചെയ്യും.

ഞായറാഴ്ചകുർബ്ബാന വിശ്വാസിയെ സംബന്ധിച്ചിട ത്തോളം മിശിഹായുടെ രക്ഷാകര വിജയാഘോഷങ്ങളിലുള്ള പങ്കു കൊള്ളലാണ്. മിശിഹായോടൊപ്പം പാപത്തിനു മരിച്ച് മിശിഹാ യ്ക്കുവേണ്ടി ജീവിക്കുവാൻ ഉത്ഥിതനാകുന്ന ക്രൈസ്തവനാണ് യഥാർത്ഥത്തിൽ ഞായറാഴ്ചയാചരണം പൂർത്തിയാക്കുന്നത്. ദൈവവചനത്താലും നമ്മുടെ കർത്താവിന്റെ തിരുശ്ശരീരരക്തങ്ങ ളാലും പരിപോഷിപ്പിക്കപ്പെട്ട് ജീവന്റെ സമൃദ്ധിയിൽ ജീവിക്കാൻ ഓരോ ഞായറാഴ്ചയും നമ്മുക്ക് അവസരമൊരുക്കുന്നു. തന്റെ പ്രിയപ്പെട്ടവർക്കായി കർത്താവ് സജ്ജമാക്കിയിരിക്കുന്ന വിരുന്നു മേശയിലേയ്ക്ക് സന്തോഷത്തോടെ കടന്നു വരുവാൻ ഓരോ ഞായ റാഴ്ചയും നമ്മെ ക്ഷണിക്കുന്നു. വരപ്രസാദ സമൃദ്ധിയുടെ ഉയിർപ്പു കാലം എല്ലാവർക്കും ആശംസിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം** (വികാരിയച്ചൻ)

# വിളക്ക്



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

പ്രതീക്ഷയുടെ പുത്തൻ ഉണർത്തുപാട്ടുകൾ പാടി ഒരിക്കൽക്കൂടി നാം ഉയിർപ്പു തിരുനാളിലേയ്ക്ക് പ്രവേശിക്കുകയാണ്. ക്രൈസ്തവ ജീവിതം ഈശോമിശിഹായുടെ മരണത്തിലും ഉത്ഥാനത്തിലുമുള്ള ഐക്യപ്പെടലാണ്. ഫീനിക്സ് പക്ഷിയുടെ പാട്ടിൽ ഓ.എൻ.വി. കുറിക്കുന്നു

"ചിതയിൽനിന്നു ഞാൻ ഉയിർത്തെഴുന്നേൽക്കും
ചിറകുകൾ പൂപോൽ വിടർത്തെഴുന്നേൽക്കും"

കല്ലറയാകുന്ന ചിതയ്ക്ക് എത്ര ശക്തമായ കാവൽ ഏർപ്പെടുത്തിയാലും ക്രിസ്തു വിജയശ്രീലാളിതനായി ഉയിർത്തെഴുന്നേൽക്കും എന്നാണ് കവിഹൃദയം നമ്മോട് മന്ത്രിക്കുന്നത്.

റഷ്യയിൽ സാർ ചക്രവർത്തിമാരുടെ കാലയളവിൽ ഈസ്റ്റർ നാളിൽ രാവിലെ പരസ്പരം ആലിംഗനം ചെയ്തുകൊണ്ട് ആശംസിച്ചിരുന്നു "Christos Voseres" (ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. മറ്റെയാൾ തിരിച്ച് ആശംസിക്കും, "Istime Voseres" (അവൻ തീർച്ചയായും ഉയിർക്കപ്പെട്ടിരിക്കുന്നു) ഇത്തരത്തിൽ ഉത്ഥാനത്തിന്റെ സന്തോഷം ആദിമ വിശ്വാസ സമൂഹം മുഴുവനും പങ്കുവച്ചിരുന്നു.

മരിച്ച് 36 മണിക്കൂർ കഴിഞ്ഞപ്പോൾ ക്രിസ്തു ഉയിർത്തെഴുന്നേറ്റു. അനീതിയുടെ വിജയങ്ങൾക്ക് വെറും 36 നിമിഷാർദ്ധങ്ങളുടെ ആയുസ്സേയുള്ളുവെന്ന് ശൂന്യമായ കല്ലറ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇല കൊഴിഞ്ഞ മരംപോലെ നമ്മുടെ ജീവിതം ശൂന്യമാകുമ്പോൾ നന്മകളും പച്ചപ്പുകളും ഇല്ലാതാകുമ്പോൾ ഈസ്റ്റർ നമ്മെ

(ശേഷം 14-ാം പേജിൽ)

# വിശുദ്ധവാര തിരുക്കർമ്മങ്ങൾ

## 14-4-2019 - ഓശാന ഞായർ

5.15 a.m. - **വി. കുർബ്ബാന**

6.45 a.m. - **കുരുത്തോല വെഞ്ചെരിപ്പ്**

- **ആഘോഷമായ വി. കുർബ്ബാന**

10.00 a.m. - **വി. കുർബ്ബാന**

4.00 p.m. - **വി. കുർബ്ബാന**

## 15-4-2019 തിങ്കൾ & 16-04-2019 ചൊവ്വ

6.00 a.m. - **വി. കുർബ്ബാന**

7.00 a.m. - **വി. കുർബ്ബാന**

5.00 p.m. - **വി. കുർബ്ബാന**

## 17-04-2019 ബുധൻ

6.00 a.m. - **വി. കുർബ്ബാന**

7.00 a.m. - **വി. കുർബ്ബാന**

**വൈകുന്നേരം കുർബ്ബാനയില്ല**

## 18-04-2019 പെസഹാ വ്യാഴം

7.00 a.m. - **വി. കുർബ്ബാന, കാൽ കഴുകൽ ശുശ്രൂഷ**

4.15. p.m. - **ആഘോഷമായ സന്ധ്യാ നമസ്ക്കാരം**

**5 .00 p.m മുതൽ 6 p.m വരെ – പൊതു ആരാധന**

## 19-04-2019 പീഡാനുഭവ വെള്ളി

8.00 a.m. - **തിരുക്കർമ്മങ്ങൾ ആരംഭിക്കുന്നു**

## 20-04-2019 വലിയ ശനി

6.30 a.m. - **വി. കുർബ്ബാന,**
**മാമ്മോദീസാ വ്രതനവീകരണം**
**വെള്ളം വെഞ്ചെരിപ്പ്**

## 21-04-2019 ഉയിർപ്പു ഞായർ

**വെളുപ്പിന് 2.45 ന് – ഉയിർപ്പു തിരുക്കർമ്മങ്ങൾ**
**വി. കുർബ്ബാന**
**രാവിലെ 5.15 നും, 7 നും, 10 നും വി.കുർബ്ബാന**
**വൈകുന്നേരം കുർബ്ബാന ഇല്ല.**

---

**ശ്രദ്ധിക്കുക:**

1. വലിയ ആഴ്ചയിൽ വി. കുർബ്ബാനയോടനുബന്ധിച്ച് കുമ്പസാരിക്കുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്. തിങ്കളാഴ്ച വൈകുന്നേരം 6 മുതൽ 8 വരെ കുമ്പസാരിക്കുന്നതിന് മറ്റു വൈദികരുടെ സഹായം ലഭ്യമാണ്. വലിയ ശനിയാഴ്ച കുമ്പസാരിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

2. ചൊവ്വാഴ്ച രാവിലെ 9.30 മുതൽ രോഗികൾക്കും പ്രായമായവർക്കും വീട്ടിൽ കുർബ്ബാന കൊടുക്കുന്നു.

3. പെസഹാ വ്യാഴാഴ്ച രാവിലത്തെ തിരുക്കർമ്മങ്ങളെ തുടർന്ന് വൈകുന്നേരം 4 മണിവരെ പള്ളിയിൽ നിശ്ശബ്ദ ആരാധനയ്ക്ക് അവസരം ഉണ്ടായിരിക്കും.

## ഇടവക വിശേഷങ്ങളിലൂടെ



# സൺഡേ സ്കൂൾ

1. **ഉത്ഥാനോത്സവം**

ഈ വർഷത്തെ ഉത്ഥാനോത്സവം ഏപ്രിൽ 1 മുതൽ 6 വരെ തീയതികളിൽ നടന്നു. ഉത്ഥാനോത്സവം ഭംഗിയായി നടത്തുന്നതിന് സഹായിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു.

2. **വാർഷികം**

2018-19 അദ്ധ്യയന വർഷത്തെ സൺഡേസ്ക്കൂൾ വാർഷികം ഏപ്രിൽ 6-ാം തീയതി നടത്തി. ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വച്ച്, ഈ വർഷം പാഠ്യ-പാഠ്യേതര രംഗങ്ങളിൽ മികവു പുലർത്തിയ കുട്ടികളെയും അദ്ധ്യാപകരെയും ആദരിച്ചു.

3 **മിശിഹാനുഭവ ധ്യാനം**

ഈ വർഷം സൺഡേസ്ക്കൂളിൽ 10-ാം ക്ലാസ്സിൽ പഠനം പൂർത്തിയാക്കിയ കുട്ടികൾക്കുവേണ്ടിയുള്ള മിശിഹാനുഭവ ധ്യാനം ഏപ്രിൽ 27 മുതൽ 29 വരെ തീയതികളിൽ തമ്പലയ്ക്കാട് എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്.

4. **അഭിനന്ദനങ്ങൾ**

ഈ വർഷം രൂപതാതലത്തിൽ നടന്ന സൺഡേ സ്ക്കൂൾ സ്ക്കോളർഷിപ്പ് പരീക്ഷയിൽ റാങ്കുകൾ കരസ്ഥമാക്കിയ അന്നാ മാത്യു പന്തിരുവേലിൽ (ക്ലാസ്സ് 8, റാങ്ക് 1), മേരി സെബാസ്റ്റ്യൻ അരിമറ്റം (ക്ലാസ്സ് 4, റാങ്ക് 3), എന്നിവർക്ക് അഭിനന്ദനങ്ങൾ!

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

# വിൻസെൻഷ്യൻ വേദി

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോളിന്റെ 2018-19 വർഷത്തിലെ പ്രവർത്തനങ്ങൾ വാർഷിക കണക്കിന്റെ രൂപത്തിൽ അവതരിപ്പിക്കുന്നു.

| വരവ് | രൂപ | ചിലവ് | രൂപ |
|---|---|---|---|
| അംഗങ്ങളിൽ നിന്നും | | ഭക്ഷ്യസഹായം | 66450 |
| രഹസ്യ പിരിവ് | 121240 | ചികിത്സാസഹായം | 114359 |
| ടൗൺ പിരിവ് | 83675 | ഭവന നിർമ്മാണം | 69128 |
| വാർഡ് പിരിവ് | 143660 | വിദ്യാഭ്യാസ സഹായം | 94500 |
| പ്രത്യേക ഉപവി | | വിദ്യാഭവൻ സഹായം | 36000 |
| പ്രവർത്തനപിരിവ് | 43920 | വിവാഹ സഹായം | 15000 |
| പള്ളിയിൽ നിന്നും ഗ്രാന്റ് | 40000 | മൃതസംസ്ക്കാര സഹായം | 3000 |
| സ്ക്കോളർഷിപ്പ് വരവ് | 10000 | പ്രളയ ദുരിതാശ്വാസം | 9350 |
| പലിശ വരവ് | 8402 | ആശ്രമസന്ദർശനം | 10000 |
| പരസ്യം വരവ് | 8000 | ദത്തു കോൺഫറൻസ് ഗ്രാന്റ് | 6000 |
| മറ്റിനം വരവ് | 1645 | വി. കുർബ്ബാന | 200 |
| | ----- | ഉപരി കൗൺസിൽ വീതാംശം | 19372 |
| ആകെ വരവ് | 4,60,542 | അച്ചടി, സ്റ്റേഷനറി | 7081 |
| | ----- | | --- |
| | | ആകെ ചിലവ് | 4,50,440 |
| മുന്നിരിപ്പ് കൈവശം | 17897 | | ---- |
| കോപ്പറേറ്റീവ് ബാങ്കിൽ | 1,71,005 | നീക്കിയിരിപ്പ് കൈവശം | 782 |
| ഫെഡറൽ ബാങ്കിൽ | 57582 | കോപ്പറേറ്റീവ് ബാങ്കിൽ | 234325 |
| എൻഡോവ്മെന്റ് ഫണ്ട് | 30000 | ഫെഡറൽ ബാങ്കിൽ | 21479 |
| | | എൻഡോവ്മെന്റ് ഫണ്ട് | 30000 |
| **ആകെ** | **737026** | **ആകെ** | **737026** |

**മാത്യു മംഗലത്തിൽ**
**(ട്രഷറർ)**

**തോമസ് നരിതൂക്കിൽ**
**(സെക്രട്ടറി)**

## പിതൃവേദി

പിതൃവേദി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ മാർച്ച് 19 ന് അംഗങ്ങൾ വി.കുർബ്ബാനയിൽ പങ്കുകൊണ്ട് സമുചിതമായി ആചരിച്ചു. ഉത്ഥാനോത്സവിന്റെ ചിലവിലേയ്ക്കായി 5000/- രൂപാ സംഭാവന നൽകി. ഏപ്രിൽ മാസം 12-ാം തീയതി അംഗങ്ങൾ ചെങ്കൽ നസ്രത്ത് ആശ്രമം സന്ദർശിക്കുകയും അന്തേവാസികളോടൊത്ത് സ്നേഹവിരുന്ന് നടത്തുകയും ചെയ്തു. ഏപ്രിൽ 26-ാം തീയതി മലയാറ്റൂർ തീർത്ഥാടനം നടത്തുവാൻ തീരുമാനിച്ചു. എം.ബി.എഫ്-ന്റെ നറുക്കെടുപ്പുകൾ എല്ലാ മാസവും രണ്ടാം വ്യാഴാഴ്ച നടത്തുന്നു.

**റ്റി.എം. മാത്തുക്കുട്ടി തൊമ്മിത്താഴെ (സെക്രട്ടറി)**

## ചെറുപുഷ്പ മിഷൻലീഗ്

1. പത്രക്കളക്ഷൻ നടത്തി.
2 ചികിത്സാസഹായമായി 2000/- രൂപാ നൽകി.

## കത്തോലിക്കാ കോൺഗ്രസ്

1. ഡയറക്ടറി പ്രിന്റിംങ്ങിനുവേണ്ടി ഇടവകയിലെ കുടുംബാംഗങ്ങളുടെ വിവരശേഖരണം പുരോഗമിക്കുന്നു. കുടുംബ കൂട്ടായ്മാ ലീഡർമാരുടെ സേവനം സ്തുത്യർഹമാണ്.
2. കത്തോലിക്കാ കോൺഗ്രസ്സിന്റെ ഇടവക യൂണിറ്റിലേയ്ക്കുള്ള അംഗത്വം നൽകി വരുന്നു.

**ജോസ് വെച്ചൂക്കുന്നേൽ** (സെക്രട്ടറി)

## മാതൃവേദി

1. ചികിത്സാ സഹായമായി 11,000/- രൂപാ നൽകി.
2. വിവാഹ സഹായമായി 10,000/- രൂപാ നൽകി.
3. മേപ്പാറ ലൂർദ്ദ് ദൈവാലയ നിർമ്മാണഫണ്ടിലേയ്ക്ക് 10,000/- രൂപാ നൽകി.
4. 18.3.2019 ൽ കൂടിയ പൊതുയോഗത്തിൽ ആർ.സി.എം. ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ ജീവിതത്തെ അടിസ്ഥാനമാക്കി വിജയരാജ് സാർ, രാജേഷ് സാർ എന്നിവർ അമ്മമാർക്ക് ക്ലാസ്സെടുത്തു.
5. മാതൃവേദി ഡയറക്ടർ റവ.ഫാ. ജോസഫ് വെള്ളമറ്റത്തിലിന്റെയും അസി. ഡയറക്ടർ റവ.ഫാ. ജോസഫ് ചക്കുംമൂട്ടിലിന്റെയും നാമഹേതുകത്തിരുനാൾ ആഘോഷിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.
6. മാർച്ച് 25 ജീവന്റെ ദിനത്തോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ ഇടവകയിലെ അമ്മമാർക്കായി അര മണിക്കൂർ ആരാധന നടത്തുകയും വി. കുർബ്ബാനയിൽ പങ്കെടുക്കുകയും ചെയ്തു.
7. ഏപ്രിൽ 2-ാം തീയതി മാതൃവേദി അംഗങ്ങൾ വാഗമൺ കുരിശുമല തീർത്ഥാടനം നടത്തി.
8. ഫൊറോനാ ഉത്ഥാനോത്സവ പരിശീലന ക്ലാസ്സിന് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുത്തു. ഇടവകയിലെ ഉത്ഥാനോത്സവത്തിന് മാതൃവേദി അംഗങ്ങളിൽ ചിലർ സഹായിച്ചു.

**ബിന്ദു റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)**

## അസോവ

നമ്മുടെ സംഘടനയുടെ പ്രതിമാസ ഡയറക്ടർ ബോർഡ് യോഗം 11-02-2019 വെള്ളിയാഴ്ച 7.00 പി.എം. ന് ട്രഷറർ തോമസ്

ആന്റണി കുഴിക്കാട്ടിന്റെ ഭവനത്തിൽ നടത്തപ്പെട്ടു. പ്രസിഡന്റ് എ.റ്റി. ജോസഫ് അത്യാലിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ബഹു. ഡയറക്ടർ ഫാ. ജോസഫ് വെള്ളമറ്റം, അസി. വികാരി റവ. ഫാ. എബി വാണിയപ്പുരയ്ക്കൽ എന്നിവരുടെ മഹനീയ സാന്നിദ്ധ്യം ഉണ്ടായിരുന്നു. സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു.

കിഡ്നി പ്രവർത്തനരഹിതമായതുമൂലം ഡയാലിസിസ് ചെയ്തുകൊണ്ടിരുന്ന ഇടവകാംഗങ്ങൾക്ക് 'ഡയല്സറും ബ്ലഡ് ട്യൂബും സൗജന്യ വിതരണം' വിഷയത്തെ സംബന്ധിച്ച് ബോർഡ് മെമ്പർ മാത്യു കാച്ചപ്പള്ളി വിശദീകരിച്ചു. ആവശ്യമായ അന്വേഷണം നടത്തി അർഹരായവരെ കണ്ടെത്തുവാൻ തീരുമാനിച്ചു.

എം.ബി.എഫ്. സ്ക്കീമിന്റെ 19-ാമത്തെ നറുക്കെടുപ്പിൽ വിജയിയായത് ലിസമ്മ ജോസഫ് പുതുപ്പറമ്പിലാണ്. (മെമ്പർ നമ്പർ 19). ട്രഷററുടെ ജന്മദിനവാർഷികാഘോഷവും സമുചിതമായി നടത്തി. ബോർഡു മെമ്പർ മാത്തുക്കുട്ടി തൊമ്മിത്താഴെ നന്ദിയും പ്രകാശിപ്പിച്ചു.

*പി.സി. ചാക്കോ പുളിക്കൽ (സെക്രട്ടറി)*



## സി. വൈ. എം. എ.

1 നേഴ്സറി സ്ക്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷവും കുടുംബസംഗമവും വളരെ ഭംഗിയായി നടത്തുവാൻ സാധിച്ചു. നേഴ്സറി വാർഷികാഘോഷത്തിന് അസി. വികാരി ഫാ. ഉല്ലാസ് ചക്കുംമൂട്ടിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്നു നടന്ന സുവർണ്ണ ജൂബിലി സമ്മേളനത്തിലും, സി.വൈ.എം.എ. കുടുംബ സംഗമത്തിലും ഡയറക്ടർ ഫാ. ജോസഫ് വെള്ളമറ്റം അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ ശ്രീ. ആന്റോ ആന്റണി എം.പി., ശ്രീ. എൻ. ജയരാജ് എം.എൽ.എ., ഒന്നാം വാർഡ് മെമ്പർ ശ്രീമതി മോളിക്കുട്ടി തോമസ് എന്നിവർ പങ്കെടുത്തു. പ്രസിഡന്റ് ശ്രീ. റ്റിജോ തേക്കുംതോട്ടം സ്വാഗതവും, ശ്രീ. പി.എം. ജോൺ പന്തിരുവേലിൽ റിപ്പോർട്ടും, സെക്രട്ടറി

ശ്രീ. ജോജി മണിയങ്കേരിൽ നന്ദിയും പറഞ്ഞു. സമ്മേളനത്തെത്തുടർന്ന് കുമാരി നിയ പത്യാല നയിച്ച ഗാനസന്ധ്യയും, സ്നേഹവിരുന്നും ഉണ്ടായിരുന്നു.

2. പുതിയ അദ്ധ്യയന വർഷം നേഴ്സറി സ്ക്കൂളിൽ രണ്ടര വയസ്സു മുതലുള്ള കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാൻ തീരുമാനിച്ചു.

3. മലയാറ്റൂർ തീർത്ഥാടനം ഏപ്രിൽ 26 വെള്ളിയാഴ്ച വൈകിട്ട് 7 മണിക്ക് പുറപ്പെട്ട് ശനിയാഴ്ച രാവിലെ എത്തിച്ചേരുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സി.വൈ.എം.എ. ആഫീസുമായി ബന്ധപ്പെടുക.

4. കുന്നുംഭാഗം ഡി.ഡി.ആർ.സി -യുടെ ആഭിമുഖ്യത്തിൽ നടത്തിയ രക്തപരിശോധനാ ക്യാമ്പിൽ ഏകദേശം 80 ഓളം പേർ പങ്കെടുത്തു.

5. കെ.കെ. റോഡിൽനിന്നും സംഘടനാ സ്ഥലത്തേയ്ക്കുള്ള വഴിയുടെ പണി പൂർത്തിയായി.

**ജോജി മണിയങ്കേരിൽ** (സെക്രട്ടറി)

## യുവദീപ്തി - S.M.Y.M

1. പുൽവാമ ഭീകരാക്രമണത്തിൽ മരിച്ച സൈനികർക്ക് പ്രണാമം അർപ്പിച്ചു.
2. ചർച്ച് ബില്ലിനെതിരെ പ്രതിഷേധയോഗം നടത്തി.
3. രണ്ടാം ശനിയാഴ്ച വൈകുന്നേരം യുവജനങ്ങൾ ഒത്തുചേർന്ന് പ്രാർത്ഥന നടത്തി.
4. ചികിത്സാ സഹായമായി 15000/- രൂപാ നൽകി.
5. സൗജന്യ നേത്ര ചികിത്സാ ക്യാമ്പ് നടത്തി.
6. സൺഡേസ്ക്കൂൾ കുട്ടികൾക്കായി ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തി.
7. യുവജനങ്ങൾ ഒത്തുചേർന്ന് പള്ളി ക്ലീൻ ചെയ്തു.

**ജേക്കബ് തേക്കുംതോട്ടം** (സെക്രട്ടറി)



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. ആന്റണി മുതുപ്ലാക്കൽ
2. ജോസഫ് വടക്കേടം
3. മാത്യു കിളിരൂപ്പറമ്പിൽ
4. ജോർജ്ജ് വാഴപ്പനാടിയിൽ

## ഓർമ്മകളിലേയ്ക്ക്

1. റീമി കട്ടിക്കാരൻ
2. ടോമി വട്ടയ്ക്കാട്ട്
3. വിൽസൺ കളരിയ്ക്കൽ
4. ശാന്തമ്മ കാവനാട്ടുപറമ്പിൽ
5. അപ്പച്ചൻ കട്ടക്കയം പുത്തൻപുരയ്ക്കൽ
6. മത്തായി കൊല്ലൂത്താനം
7. പി.റ്റി. തോമസ് പടിഞ്ഞാറെപ്പറമ്പിൽ



## നമ്മൾ ഒന്നായി

1. എബി - ഷെറിൻ കുരീക്കാട്ട്

---

(തുടർച്ച 5-ാം പേജിൽ നിന്നും)

ഓർമ്മിപ്പിക്കുന്നു ഇനിയുമൊരു വസന്തത്തിന് സാദ്ധ്യതയുണ്ടെന്ന്.

ഉത്ഥാനം ഒരു വിശ്വാസാനുഭവമാണ്. ഉത്ഥാനം നിരീക്ഷണ വിധേയമല്ല ചരിത്ര സംഭവമെങ്കിലും ചരിത്രപരമായി സ്ഥിരീകരിക്കാനാവാത്ത സംഭവമാണ്. അതിനാൽ ക്രിസ്തുവിന്റെ ഉത്ഥാനത്തെ അതിചരിത്ര സംഭവം അഥവാ ചരിത്രാതീത സംഭവം (Trans Historical fact, Meta Histrical fact) എന്നും വിളിക്കുന്നുണ്ട്.

ഉത്ഥാനത്തിന്റെ ഉജ്ജ്വല മുഹൂർത്തത്തെ വിളിച്ചറിയിക്കുന്നതിനായി കാലുകളിൽ ചിറകുകളുമേന്തി ഓടിയ പത്രോസിനെയും യോഹന്നാനെയും പോലെ നമ്മുക്കും ഉത്ഥാനത്തിന്റെ സാക്ഷികളാകാം.

സ്നേഹത്തോടെ, കൊച്ചച്ചൻ

**ഫാ. ജോസഫ് ചക്കുംമൂട്ടിൽ**

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

## മരണമൊഴിയും പ്രതിയുടെ കുറ്റസമ്മതവും.

ഒരു ക്രിമിനൽ കേസിലെ പ്രതി കുറ്റക്കാരനാണെന്ന് കോടതി വിധിക്കുന്നതുവരെ നിർദ്ദോഷി ആണെന്നാണ് നിഗമനം ആയിരം കുറ്റവാളികൾ രക്ഷപ്പെടുവാനിടയായാലും ഒരു നിർദ്ദോഷി ശിക്ഷിക്കപ്പെടുവാൻ പാടില്ലാ എന്നുള്ളതാണ് അടിസ്ഥാന തത്വം.

പ്രാഥമിക തെളിവ് എന്നു പറഞ്ഞാൽ പ്രമാണം തന്നെ കോടതിയുടെ മുൻപാകെ ഹാജരാക്കുന്നതാണ്. അവയുടെ ശരിപ്പകർപ്പുകൾ ഹാജരാക്കുക യെന്നുള്ളത് രണ്ടാം തരത്തിൽപ്പെട്ട തെളിവാണ്. അസ്സൽപ്രമാണം നഷ്ടപ്പെട്ടുപോകുക, എതിർ കക്ഷിയുടെ കൈവശം ആയിരിക്കുക, അസ്സൽപ്രമാണം ഹാജരാ ക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടാവുക, അസ്സൽ പ്രമാണം ഒരു പബ്ലിക് ഡോക്മെന്റ് ആയിരിക്കുക, അടയാള സഹിതം പകർപ്പുകൊടു ക്കുന്നതിന് നിയമത്തിൽ വ്യവസ്ഥയു ണ്ടായിരിക്കുക എന്നീ സന്ദർഭ ങ്ങളിൽ പകർപ്പുകൾ ഹാജരാക്കിയാൽ മതി. അടയാള സഹിതം പകർപ്പുകൾ ഹാജരാക്കുന്നത് അനുവദനീയമാണെങ്കിൽ ആ പകർപ്പുകൾക്ക് അസ്സൽ പ്രമാണത്തിന്റെ വിലതന്നെ കൽപിക്കുന്നതാണ്.

ആസന്നമരണനായി കിടക്കുന്ന ഒരാൾ പറയുന്ന കാര്യങ്ങൾ മിക്കവാറും സത്യസന്ധമായിരിക്കും. മനഃപൂർവ്വം വൈരാഗ്യ മനോഭാവത്തോടെ കള്ളം പറയുക സ്വാഭാവികമല്ല എന്ന ധാരണയാണ് നിയമത്തിൽ 32-ാംവകുപ്പനുസരിച്ച് മരണമൊഴി സ്വീകാര്യമായ തെളിവായി പരിഗണിക്കുന്നതിന്റെ അടിസ്ഥാനം . മരണകാരണ ത്തെക്കുറിച്ചോ അതിനിടയാക്കിയ സാഹചര്യങ്ങളെക്കുറിച്ചോ മരിക്കുന്ന ആൾ നടത്തുന്ന പ്രസ്താവനകൾക്കും പ്രസക്തിയുണ്ട്. എന്നാൽ അവയ്ക്ക് എത്രമാത്രം വിശ്വസനീയതയുണ്ടെന്നുള്ളത് വിവേകപൂർവ്വം പ്രായോഗികബുദ്ധി ഉപയോഗിച്ചു കണ്ടുപിടിക്കേ ണ്ടതാണ്. സംഭവം കണ്ട സാക്ഷികൾ ഇല്ലെങ്കിൽ മാത്രമേ ഇത്തര ത്തിലുള്ള തെളിവുകൾ പ്രയോജനപ്പെടുത്താറുള്ളൂ.

ക്രിമിനൽ കേസുകളിൽ, പ്രതികൾ നടത്തുന്ന കുറ്റസമ്മതം ഭീഷണിയുടെ ഫലമായിട്ടോ, പ്രേരണയ്ക്കോ വാഗ്ദാനങ്ങൾക്കോ വശംവദനായിട്ടോ നടത്തിയിട്ടുള്ളതാണെങ്കിൽ ഒട്ടും തന്നെ പ്രസ്കതമല്ല. പ്രതികൾ കുറ്റസമ്മതം നടത്തുന്നതു നിർഭയവും

സ്വതന്ത്രവുമായ ഒരു സാഹചര്യത്തിലായിരിക്കണം.

പോലീസിന്റെ അധീനതയിൽ, കഴിയുമ്പോഴോ, പോലീസിനോടു നേരിട്ടോ നടത്തുന്ന കുറ്റസമ്മതം യാതൊരു കാരണ വശാലും തെളിവിൽ സ്വീകരിക്കുകയില്ല. എന്നാൽ മജിസ്ട്രേട്ടി നോടു പറയുന്ന കുറ്റസമ്മതം തെളിവാണ്. ക്രിമിനൽ നടപടി നിയമം 163ഉം, 164 ഉം വകുപ്പുകളനുസരിച്ച് ആ കുറ്റസമ്മതം നിയമാനുസൃതം രേഖപ്പെടുത്തേണ്ടതാണ്.

പ്രതി, പോലീസിൽ കൊടുക്കുന്ന അറിവിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വസ്തുത കണ്ടുപിടിച്ചാൽ, അപ്രകാരം കണ്ടുപിടിക്കുവാൻ സഹായകമായിടത്തോളം ഭാഗം പ്രസ്താവനത്തെളിവിൽ സ്വീകാര്യമാണ്. മോഷണമുതൽ, കുറ്റം ചെയ്യുവാൻ ഉപയോഗിച്ച ആയുധം. ശവശരീരം മുതലായി കുറ്റകൃത്യവുമായി ബന്ധപ്പെട്ട സാധനങ്ങൾ കണ്ടുപിടിക്കുന്നതിന് പ്രതി കൊടുത്ത അറിവനുസരിച്ചാണെങ്കിൽ തെളിവ് നിയമം 27-ാം വകുപ്പിന്റെ പരിധിയിൽ വരും.

ഞാൻ കുത്താൻ ഉപയോഗിച്ച കത്തി എന്റെ പുരയിടത്തിന്റെ വടക്കുഭാഗത്തുള്ള കുളത്തിലിട്ടിട്ടുണ്ട് ഞാൻ കാണിച്ചു തരാം എന്നു പ്രതി പറയുന്നു. അതിനസരിച്ചു പ്രതിയെ കൂട്ടികൊണ്ടുപോയി കത്തി കണ്ടെടുക്കുന്നു. മേൽപറഞ്ഞ പ്രസ്താവനയിൽ ഞാൻ കുത്താനുപയോഗിച്ച എന്ന ഭാഗം ഒഴിച്ച് ബാക്കിഭാഗങ്ങൾ തെളിവിൽ സ്വീകാര്യമാണ്. ''കുത്താനു പയോഗിച്ച'' എന്ന വാക്കുകൾ കുറ്റസമ്മതത്തെ സൂചിപ്പിക്കുന്നു. അതു തെളിവല്ല. എന്നാൽ കത്തി കുളത്തിലിട്ടിട്ടുണ്ട് എന്നു പറഞ്ഞതുകൊണ്ടാണ് പോലീസിനു കത്തി കണ്ടെടുവാൻ കഴിഞ്ഞത് ആ പ്രസ്താവന തെളിവിൽ സ്വീകാര്യമാണ്. ഈ വകുപ്പ് പലപ്പോഴും പ്രതിക്ക് എതിരെ ഉപയോഗിക്കാവുന്ന പോലീസിന്റെ ഒരു ആയുധമാണ്.

അന്യായസ്വാധീനം ഉപയോഗിച്ചോ ഭീഷണിപ്പെടുത്തിയോ ദേഹോപദ്രവം ഏൽപിച്ചോ പോലീസ് പ്രതിയിൽ നിന്നും കുറ്റസമ്മതം വാങ്ങുവാനിടയുണ്ടെന്നുള്ളതുകൊണ്ടാണ് പോലീസിനോടുള്ള കുറ്റസമ്മതം അപ്പാടെ നിയമം അനുവദിക്കുന്ന തെളിവിൽ നിന്ന് ഒഴിവാക്കിയിക്കുന്നത്. എന്നാൽ പോലീസിനോടു പറഞ്ഞ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും വസ്തുത കണ്ടുപിടിക്കുവാനിടയായാൽ ആ പ്രസ്താവന ശരിയായിരിക്കുവാനുള്ള സാദ്ധ്യതയുള്ളതുകൊണ്ടാണ് പൊതുനിയമത്തിന് അപവാദമായി പോലീസിന് പ്രതി കൊടുക്കുന്ന അറിവ് ഒരു പരിധിവരെ സ്വീകാര്യമായി നിയമം കരുതുന്നത്.

## സ്നേഹസ്മരണയ്ക്ക്



5 – ാം
ചരമവാർഷികം

**ബിജോയ്**
വാതല്ലൂർ
പൊൻകുന്നം
മരണം: 7 – 5 – 2014

## പാവന സ്മരണയ്ക്ക്



പി. വി. മാത്യു (പേർഷ്യ അപ്പച്ചൻ) പെണ്ണമ്മ മാത്യു

കട്ടക്കയം പുത്തൻപുരയ്ക്കൽ
പൊൻകുന്നം


JOHN 11:25-26
Jesus said to her,
"I am the resurrection and the life.
He who believes in me will live,
even though he dies;
and whoever lives and believes in me
will never die."
HAVE A BLESSED
Easter